# പരിസ്ഥിതിനിരൂപണത്തിന്റെ പ്രതിസന്ധികൾ

**പ്രൊഫസർ വത്സലൻ വാതുശ്ശേരി**
എസ്.എസ്.യു.എസ്., കാലടി.

ആധുനികാനന്തര മലയാളവിമർശനത്തിന്റെ മുഖ്യധാരകളിൽ പ്രധാനപ്പെട്ട ഒന്നാണ് പരിസ്ഥിതിനിരൂപണം. പാരിസ്ഥിതികരാഷ്ട്രീയത്തിന്റെയും പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെയും അടിത്തറയിൽ നിന്നുകൊണ്ട് സാഹിത്യകൃതിയെ വിശകലനം ചെയ്യുന്ന ഒരു നിരൂപണസമ്പ്രദായമാണിത്. വ്യവസ്ഥാപിതമായ ഒട്ടേറെ വിമർശനരീതികളെ മറികടന്നുകൊണ്ട് രാഷ്ട്രീയവും സാംസ്കാരികവുമായ ഉൾബലമുള്ള ഒരു ബദൽ വിമർശനരീതിയായി ഇത് മലയാളത്തിലും അതിവേഗം സ്ഥാനംനേടിയിട്ടുണ്ട്. പരിസ്ഥിതിനിരൂപണത്തിന് അതിന്റേതായ ഒരു സൈദ്ധാന്തികസമീപനവും പ്രയോഗപദ്ധതിയും ഉണ്ട്. പരിസ്ഥിതിയും മനുഷ്യനും തമ്മിലുള്ള സവിശേഷബന്ധങ്ങളെ പ്രശ്നവത്കരിച്ചുകൊണ്ടാണ് പരിസ്ഥിതിനിരൂപണം വികസിച്ചുവന്നിട്ടുള്ളത്. എന്നാൽ മലയാളത്തിൽ ഈ നിരൂപണപദ്ധതി ചുരുങ്ങിയ കാലം കൊണ്ടുതന്നെ ഒരുതരം ആചാരത്തിന്റെ സ്വഭാവമാർജ്ജിക്കുകയും എളുപ്പവഴിയിൽ നിരൂപണമോ പ്രബന്ധമോ തയ്യാറാക്കുന്നതിനുള്ള ഉപാധിയായി മാറുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതിനിരൂപണത്തിന്റെ താത്പര്യം എന്തെന്നുതന്നെ പിടിയില്ലാതെ പരിസ്ഥിതി, പ്രകൃതി തുടങ്ങിയ ചില പദങ്ങൾ തലങ്ങും വിലങ്ങും എടുത്തു പ്രയോഗിക്കുന്ന ചിലരുടെ കേളീസ്ഥലമായാണ് ഇന്ന് പരിസ്ഥിതിനിരൂപണം മലയാളത്തിൽ സ്ഥാനം നേടിക്കൊണ്ടിരിക്കുന്നത്.

പരിസ്ഥിതിനിരൂപണത്തെ ഇങ്ങനെ സാഹിത്യമേഖലയിലെ ഒരു ചടങ്ങാക്കി മാറ്റുന്നതിൽ പല ഘടകങ്ങൾ പങ്കുവഹിക്കുന്നുണ്ട്. കവിതയിലോ കഥയിലോ നോവലിലോ എവിടെയുമാവട്ടെ, പ്രകൃതി

ഒരു വിഷയമായോ പശ്ചാത്തലമായോ ഉണ്ടെങ്കിൽ അതെല്ലാം പരിസ്ഥിതിനിരൂപണത്തിന് വിഷയമാണെന്ന് തെറ്റിദ്ധരിക്കുകയാണ് ഈ ഘടകങ്ങളിൽ പ്രധാനം. പരിസ്ഥിതിനിരൂപണത്തിന് അടിസ്ഥാനം ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ആഗോളതലത്തിൽ വികസിച്ചുവന്ന പാരിസ്ഥിതികാവബോധവും അതിന്റെ അടിസ്ഥാനത്തിൽ ശക്തിപ്പെട്ട പരിസ്ഥിതിരാഷ്ട്രീയവുമാണെന്ന ധാരണയില്ലാതെയാണ് പലരും പരിസ്ഥിതിനിരൂപണത്തിലേയ്ക്ക് എടുത്തുചാടുന്നത്. എളുപ്പവഴിയിൽ ഒരു പ്രബന്ധം തയ്യാറാക്കേണ്ടിവരുന്ന സന്ദർഭത്തിൽ ഗവേഷകർ സ്വീകരിക്കുന്ന വിഷയമായി അങ്ങനെ പരിസ്ഥിതിനിരൂപണം മാറിക്കൊണ്ടിരിക്കുന്നു. ഏതെഴുത്തുകാരന്റെ രചനകളെ അടിസ്ഥാനമാക്കിയും പരിസ്ഥിതിനിരൂപണമോ അത്തരം പ്രബന്ധങ്ങളോ തയ്യാറാക്കാമെന്ന സ്ഥിതി ഇന്നുണ്ട്. പരിസ്ഥിതിനിരൂപണത്തെ പരിമിതവിഭവങ്ങൾ ഉപയോഗിച്ചു കൊണ്ട് നിർവഹിക്കാവുന്ന ഒരു ആചാരമാക്കി മാറ്റുന്നത് ഈ ഉദാസീനസമീപനമാണ്.

പ്രകൃതിയും പരിസ്ഥിതിയും ഒന്നുതന്നെയാണ് എന്ന ധാരണയിൽ നിന്നുകൊണ്ടാണ് പലപ്പോഴും പരിസ്ഥിതിനിരൂപണത്തിലേക്ക് പ്രവേശിക്കുന്നത്. പരിസ്ഥിതിരാഷ്ട്രീയത്തിന്റെ കാഴ്ചപ്പാടിൽ നോക്കുമ്പോൾ ഇവയെ രണ്ടായിത്തന്നെ കാണേണ്ടതുണ്ട്. പ്രകൃതി എന്ന പരികല്പനയിൽ മനുഷ്യൻ ഒരു പ്രധാനഘടകമല്ല. ഒരു ഘടകം തന്നെയല്ല. മനുഷ്യനില്ലാത്തപ്പോഴും പ്രകൃതി നിലനില്ക്കുന്നുണ്ട്. മനുഷ്യൻ ഭൂമുഖത്ത് ഉളവായിട്ട് ഇരുപത്തഞ്ച് ലക്ഷം വർഷങ്ങളേ ആയിട്ടുള്ളൂ. അതിനു മുമ്പും പ്രകൃതിയുണ്ട്. ആ പ്രകൃതി ഇപ്പോഴും തുടരുന്നുമുണ്ട്. എന്നാൽ പരിസ്ഥിതി എന്നത് മനുഷ്യകേന്ദ്രീകൃതമായ ഒരാശയമാണ്. മനുഷ്യന്റെ ആവാസവ്യവസ്ഥ എന്ന നിലയിലാണ് പരിസ്ഥിതി എന്ന പ്രയോഗം ഉണ്ടാവുന്നതും പ്രസക്തമാവുന്നതും. അതിൽ മനുഷ്യനെ നിലനിർത്തുന്ന പ്രാകൃതിക ഘടകങ്ങളെല്ലാം ചേർന്നതാണ് 'പരിസ്ഥിതി'. അതിൽ കാടും നാടും പുഴയും മരുഭൂമിയും കാർഷികപ്രകൃതിയും സർവ്വവിധ പ്രാണിവർഗങ്ങളും ഉൾപ്പെടും. പ്രകൃതിയിലെ ജൈവവും അജൈവവുമായ എല്ലാ വസ്തുക്കൾക്കും തമ്മിൽ ഒരു പാരസ്പര്യമുണ്ട്. ആ പാരസ്പര്യത്തിലെ ഒരു കണ്ണി മാത്രമാണ് മനുഷ്യൻ. ഈ പാരസ്പര്യം നിലനിന്നാലേ മനുഷ്യന് നിലനില്പുള്ളൂ എന്ന തിരിച്ചറിവാണ് പാരിസ്ഥിതികാവബോധം. അങ്ങനെ മനുഷ്യന്റെ ആവാസവ്യവസ്ഥ എന്ന നിലയിൽ പ്രകൃതിയെ സമീപിക്കുമ്പോഴാണ് 'പരിസ്ഥിതി' ഉണ്ടാവുന്നത്. മനുഷ്യൻ ഇല്ലാത്ത ഭൂമിയിൽ പരിസ്ഥിതി എന്ന ഒരു സങ്കല്പനം

നിലനില്ക്കുകയില്ല. മനുഷ്യനൊഴികെ ഒരു ജീവിയും പ്രകൃതിയിലെ പാരസ്പര്യത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നില്ല എന്നതുതന്നെ കാരണം.

കാർഷികപ്രകൃതിയെ പ്രകൃതിയായി കണക്കാക്കുന്നു എന്നതാണ് പരിസ്ഥിതിനിരൂപണത്തിലെ മറ്റൊരു വൈരുദ്ധ്യം. ഡോ. ആനന്ദ് കാവാലം രചിച്ച മലയാളകവിതയും പരിസ്ഥിതിയും എന്ന ഗ്രന്ഥത്തിൽ പലയിടത്തും പ്രകൃതിയായി കണക്കാക്കപ്പെടുന്നത് കാർഷികപ്രകൃതിയാണ്. പരിസ്ഥിതിനിരൂപണത്തിന്റെ തന്നെ ഒരു പൊതുസമീപനം അദ്ദേഹവും പിന്തുടരുന്നു എന്നേയുള്ളൂ. പി. കുഞ്ഞിരാമൻനായരുടെ പ്രകൃത്യുപാസനയെപ്പറ്റി നിരൂപകർ ആവേശം കൊള്ളുന്നത് കാർഷികപ്രകൃതിയെ അടിസ്ഥാനമാക്കിയാണ്. എന്നാൽ യഥാർത്ഥത്തിൽ കാർഷികവൃത്തി പ്രകൃതിവിരുദ്ധമായ ഒരു പ്രവൃത്തിയാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. സ്വാഭാവിക പ്രകൃതിയെ മാറ്റി മറിച്ച് മനുഷ്യന്റെ ഭൗതികനേട്ടത്തിനുവേണ്ടി ഉണ്ടാക്കിയെടുക്കുന്ന ഒരു കൃത്രിമവ്യവസ്ഥയാണ് കൃഷി. കാർഷികവൃത്തിയുടെ ലക്ഷ്യം എപ്പോഴും വിളവാണ്. വിളവ് ഇല്ലാതാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏത് പ്രാകൃതിക ഇടപെടലിനെയും മനുഷ്യൻ ചെറുക്കുന്നുണ്ട്. കീടങ്ങളെയും വിളവുതിന്നാനെത്തുന്ന എലികളെയും മനുഷ്യൻ കൊന്നൊടുക്കുകതന്നെ ചെയ്യും. കീടങ്ങളും എലികളും പ്രകൃതിയുടെ ഭാഗമാണ്. അവയ്ക്കും അവകാശപ്പെട്ടതാണ് ഭൂമി. എന്നാൽ ഈ അവകാശം മനുഷ്യൻ അംഗീകരിക്കുകയില്ല. അതുകൊണ്ടാണ് കാർഷികപ്രകൃതി സ്വാഭാവികപ്രകൃതിയല്ലെന്ന് പറയേണ്ടിവരുന്നത്. പ്രകൃതി എന്ന നിലയിലല്ല, പ്രകൃതിയുടെ കൃത്രിമമായ അനുകരണം എന്ന നിലയിലാണ് കാർഷികപ്രകൃതി പ്രസക്തമാവുന്നത്.

കൃഷി ആരംഭിച്ച കാലത്ത് പ്രകൃതിയെ വികസിപ്പിക്കുക എന്ന ഒരു സദുദ്ദേശ്യം അതിലുണ്ടായിരുന്നു. പി.പി.കെ. പൊതുവാൾ പരിസ്ഥിതിബോധവും സംസ്കാരവും എന്ന ഗ്രന്ഥത്തിൽ ഈ യാഥാർത്ഥ്യം ചൂണ്ടിക്കാണിക്കുന്നുണ്ട് . എന്നാൽ കഴിഞ്ഞ എത്രയോ നൂറ്റാണ്ടുകളായി കൃഷി പ്രകൃതിയെ നശിപ്പിച്ചുകൊണ്ടാണ് നടക്കുന്നതെന്ന് നമുക്കറിയാം. കൃഷി ഇന്ന് ഒരു വ്യവസായമാണ്. എന്നാൽ കാർഷികപ്രകൃതിയെ സാധൂകരിക്കാവുന്ന ചില യുക്തികളുണ്ട്. സ്വാഭാവികപ്രകൃതിയെ മാറ്റിമറിക്കുമ്പോഴും പകരം മറ്റൊരു പ്രകൃതിയെ അത് വ്യവസ്ഥാപിക്കുന്നുണ്ട്. അത്രത്തോളം അത് പ്രകൃതിസൗഹാർദ്ദപരവുമാണ്. എന്നാൽ കാർഷികപ്രകൃതിയെപ്പറ്റി പറയുമ്പോൾ അതിന്റെ പ്രകൃതിവിരുദ്ധഘടകങ്ങളെപ്പറ്റിയും എഴുത്തുകാരൻ തിരിച്ചറിഞ്ഞിരിക്കേണ്ടതുണ്ട്.

'കാട്ടുവെട്ടി തരം വരുത്തി
തറയുഴുതു പതം വരുത്തി
പതം വരുത്തി തിനവിതച്ച്'

എന്ന നാടൻപാട്ടിൽ ഒരു നിരൂപകൻ പരിസ്ഥിതിയുടെ ആവിഷ്കാരം കാണുന്നു. കാട്ടുവെട്ടുക, തരംവരുത്തുക, പതംവരുത്തുക എന്നിവയൊക്കെ യഥാർത്ഥത്തിൽ പ്രകൃതിയ്ക്കു മേലുള്ള അതിക്രമങ്ങൾ തന്നെയാണ്. ആ നിലയ്ക്ക് പരിസ്ഥിതി വിരുദ്ധവുമാണ്. ഈ പ്രവൃത്തിയുടെ വൻതോതിലുള്ള നീട്ടിയെടുക്കൽ തന്നെയാണ് എല്ലാവിധത്തിലുമുള്ള പരിസ്ഥിതിനാശങ്ങളും എന്നു നമ്മൾ തിരിച്ചറിച്ചറിയേണ്ടതുണ്ട്. അപ്പോൾ കൃഷിയില്ലെങ്കിൽ മനുഷ്യനെങ്ങനെ ജീവിക്കും എന്നൊരു ചോദ്യം ഉയർന്നുവരാതിരിക്കില്ല. ഇത് പരിസ്ഥിതിബോധവും പരിസ്ഥിതിപ്രവർത്തനവും നേരിടുന്ന വലിയ വെല്ലുവിളിതന്നെയാണ്. മനുഷ്യന് ജീവിക്കാൻ പ്രകൃതിയെ ചെറിയ അളവിലെങ്കിലും നശിപ്പിക്കേണ്ടിവരും. അപ്പോൾ പ്രകൃതിസംരക്ഷണത്തിനു വേണ്ടി വാദിക്കുന്നതിൽ എന്തുകാര്യമാണുള്ളത്? ഇത്തരം ചോദ്യങ്ങൾ പരിസ്ഥിതിനിരൂപണത്തെ അസാധുവാക്കുകയല്ല, വളരെ ഉത്തരവാദിത്തത്തോടെ, നിരന്തരമായ ആലോചനയിലൂടെ നിർവ്വഹിക്കേണ്ട ഒന്നാണ് പരിസ്ഥിതിനിരൂപണം എന്ന തിരിച്ചറിവിലേയ്ക്ക് നയിക്കാൻ പ്രേരകമാവുകയാണ് ചെയ്യുന്നത്; അല്ലെങ്കിൽ ചെയ്യേണ്ടത്.

പരിസ്ഥിതിനിരൂപണം സാഹിത്യകൃതിയിലെ പ്രകൃതിവർണ്ണനകളുടെ കണക്കെടുപ്പായി പലപ്പോഴും മാറിപ്പോവുന്നതു കാണാം. സമീപപ്രകൃതിയെപ്പറ്റി എവിടെങ്കിലും പരാമർശിച്ചു കണ്ടാൽ അവയെ ഉയർത്തിക്കാണിച്ച് കവിയുടെ പരിസ്ഥിതിബോധത്തെപ്പറ്റി ആവേശം കൊള്ളുക —ഇത് പരിസ്ഥിതിനിരൂപണത്തിന്റെ ഒരു സ്ഥിരം രീതിയാണ്. അങ്ങനെയാണ് മണിപ്രവാളകൃതികളെപ്പോലും പരിസ്ഥിതിക്കവിതകളായി വ്യാഖ്യാനിച്ച് ആദർശവത്കരിക്കുന്നത്. അങ്ങനെയാണ്

'തേന്മാവിന്മേൽ പരഭൃതകുലം ഭൃംഗമാലാ പലാശേ
മാരം ക്രൂരമ്പുള ചുഴലവും ചമ്പകക്കാവുതോറും'

എന്ന ഉണ്ണുനീലീസന്ദേശശ്ലോകത്തിലും

'പുഷ്പലതാപരിവേഷ്ടിതപാദപ
സൽഫലസേവിതം സന്തുഷ്ടജന്തുകം'

എന്ന അദ്ധ്യാത്മരാമായണം കിളിപ്പാട്ട് കിഷ്കിന്ധാകാണ്ഡത്തിലെ പമ്പാതീരവർണ്ണനയിലും

'ഭൂരിജന്തുഗമനങ്ങൾ പൂത്തെഴും
ഭൂരുഹങ്ങൾ തെളിയുന്ന കാട്ടുകൾ'

എന്ന ആശാന്റെ കാനനവർണ്ണനയിലുമൊക്കെ പരിസ്ഥിതിദർശനം കണ്ടെത്തുന്നത്. പ്രകൃതിവർണ്ണനകളെ പരിസ്ഥിതിദർശനമായി ഗണിച്ചാൽ ഏത് മഹാകാവ്യത്തെയും പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ മഹാമാതൃകയായി സ്ഥാപിച്ചെടുക്കാൻ കഴിയും. ഇത്തരത്തിൽ തികച്ചും ഉദാസീനമായും എളുപ്പവഴിയിലുമാണ് നമ്മുടെ പരിസ്ഥിതിനിരൂപണം സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്.

മഹാകാവ്യത്തിന് നിർവ്വചനം നല്കിയ പ്രാചീന കാവ്യമീമാംസകർ മഹാകാവ്യത്തിൽ സമുദ്രം, പർവ്വതം തുടങ്ങി ഒട്ടേറെ പ്രകൃതിദൃശ്യങ്ങൾ വർണിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർണനാവിഷയങ്ങൾ എന്ന നിലയിലാണ് അവയെ കാണേണ്ടത്; അല്ലാതെ പരിസ്ഥിതിബോധത്തിന്റെ പ്രകാശനം എന്ന നിലയിലല്ല. കവിതയിൽ എന്തെങ്കിലുമൊക്കെ വർണിച്ചിരിക്കണം. അത് പ്രകൃതിയാവുന്നു എന്നേയുള്ളൂ. ഈ വർണനാതാത്പര്യം കവികൾ ഇന്നും തുടർന്നുപോരികയും ചെയ്യുന്നു. അതിനപ്പുറമുള്ള ഒരു മഹത്വവും ആ പ്രകൃതിയ്ക്ക് നല്കേണ്ടതില്ല. കവിതകളിലും കഥകളിലും സാമ്യോക്ത്യലങ്കാരങ്ങളിൽ ഉപമാനമായും പ്രകൃതിദൃശ്യങ്ങൾ കടന്നുവരാറുണ്ട്. ചില നിരൂപകർ ഈ ഉപമാനകല്പനകളെ പരിസ്ഥിതിദർശനത്തിന്റെ പ്രയോഗസന്ദർഭങ്ങളായാണ് കാണുന്നത്. പ്രകൃതിയിലെ സുന്ദരവസ്തുക്കളെയും സദൃശവസ്തുക്കളെയുമല്ലാതെ മറ്റെന്തിനെയാണ് കവികൾക്ക് ഉപമാനമാക്കാൻ കഴിയുക? കാഴ്ചവസ്തുക്കൾ എന്നതിനപ്പുറം പാരിസ്ഥിതികാവബോധത്തിന്റെ ഉല്പന്നങ്ങൾ എന്ന നിലയിൽ അവയെ കണക്കാക്കേണ്ടതില്ല. എം.ടി.യുടെ ഒരു കഥയിലെ 'ഓളോർമാങ്ങയുടെ നിറമുള്ള കവിൾ' എന്ന പ്രയോഗത്തെ ജി. മധുസൂദനൻ പരിസ്ഥിതിസൗന്ദര്യബോധത്തിന്റെ ഒരു പ്രകാശനമായി വിലയിരുത്തുന്നുണ്ട്. 'കാക്ക മാന്തിയപോലത്തെ കൈയക്ഷരം' എന്ന ഉപമയിലും വേണമെങ്കിൽ പരിസ്ഥിതിദർശനം ആരോപിക്കാം. അത് യുക്തിഭദ്രമാണോ എന്നതാണ് പ്രശ്നം.

സാഹിത്യകൃതികളിൽ പരിസ്ഥിതിനിരൂപണം പലപ്പോഴും അന്വേഷിക്കുന്നത് കാട്, മരം, പുഴ, മല, മഴ എന്നിങ്ങനെ ചില സ്ഥിരം ചേരുവകളെയാണ്. കേരളീയപ്രകൃതിയിൽ ഇല്ലാത്ത മഞ്ഞും മരുഭൂമിയും ഒരു പരിസ്ഥിതിവിഷയമായി പരിഗണിക്കപ്പെടാറില്ല. നമ്മുടെ മിക്ക പരിസ്ഥിതികവിതകളും പുഴക്കവിതയോ മരക്കവിതയോ ആണ്. എണ്ണപ്പുഴുക്കളെപ്പറ്റി എഴുതിയാൽ പരിസ്ഥിതിക്കവിത. ആ പരിഗണന കൊമ്പൻചെല്ലിയ്ക്കോ ചാഴിയ്ക്കോ ഓലചുരുട്ടിപ്പുഴുവിനോ ചൊറിയന്പുഴുവിനോ കിട്ടില്ല. ഇതാണ് നമ്മുടെ പരിസ്ഥിതിബോധത്തിന്റെ

ഇരട്ടത്താപ്പ്. ശീമക്കൊന്നയുടെ വ്യാപനത്തിന് എതിരെ പി. കുഞ്ഞിരാമൻനായർ എഴുതിയ കവിതയാണ് ചുവന്ന പൂന്തോട്ടം. ഒരു മെറ്റഫർ എന്ന നിലയിലാണ് ശീമക്കൊന്നയെ അവതരിപ്പിക്കുന്നതെങ്കിലും ശീമക്കൊന്നയെ ഒരു മോശം സസ്യമായി കാണുന്ന മനോഭാവത്തെ പരിസ്ഥിതിബോധമായി കാണാനാവുകയില്ല. കേരളീയമല്ലാത്ത പ്രകൃതിയൊന്നും പ്രകൃതിയല്ല എന്ന സങ്കുചിത കാഴ്ചപ്പാടും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

നാഗരികമായ ഒരു വീക്ഷണസ്ഥാനത്തുനിന്നുകൊണ്ടാണ് നമ്മുടെ പല പരിസ്ഥിതികവിതകളും രചിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ടാണ് പ്രകൃതിയോട് ചേർന്നുനില്ക്കുന്ന പലതിനെയും അപരമായി കാണാൻ എഴുത്തുകാരെ പ്രേരിപ്പിക്കുന്നത്. ഒ.എൻ.വി.യുടെ 'കവിയും കാട്ടാളനും' എന്ന കവിതയിലെ ഒരു സന്ദർഭം പരിസ്ഥിതിബോധത്തിന് ഉദാഹരണമായി പി.പി.കെ. പൊതുവാൾ അവതരിപ്പിക്കുന്നുണ്ട്.

'മണ്ണിന്റെ സ്നേഹോജ്ജ്വല വക്ഷസ്സിൽ ക്രൂരമെയ്ത്തു
ചെന്നിണമൊലിപ്പിക്കും കാട്ടാളത്തം'

പ്രകൃതി നശിപ്പിക്കുന്നവരുടെ പ്രവൃത്തിയെ കാട്ടാളത്തം എന്നാണ് കവി വിശേഷിപ്പിക്കുന്നത്. കാട്ടാളനെ അപരമായി കാണുന്ന നാഗരികബോധമാണ് ഇവിടെ പ്രവർത്തിക്കുന്നത്. കാട് ആളുന്ന കാട്ടാളനെ ഒരു ദുഷ്ടശക്തിയായി കാണുന്നിടത്തു തന്നെയുണ്ട് ഒരു പ്രകൃതിവിരുദ്ധത. പക്ഷെ, പ്രഖ്യാപിതപരിസ്ഥിതിബോധത്തിന്റെ വക്താവായ കവിയുടെ ശ്രദ്ധയിൽ അത് പെടാതെ പോവുകയാണ്.

നമ്മുടെ പരിസ്ഥിതിരചനകളുടെ സൂക്ഷ്മരാഷ്ട്രീയം അന്വേഷിച്ചുചെന്നാൽ നമ്മൾ എത്തിച്ചേരുക നഗരജീവികളായ ചില എഴുത്തുകാരുടെ ഫ്യൂഡൽ നൊസ്റ്റാൾജിയകളിലായിരിക്കും. പ്രകൃതി നഷ്ടപ്പെട്ടതിലുള്ള സങ്കടമായി പലപ്പോഴും ഉയർന്നുവരുന്നത് തറവാടിത്തം നഷ്ടപ്പെട്ടതിലുള്ള സങ്കടവും ഗൃഹാതുരതയുമാണ്. നന്തനാരുടെ കഥകളിലെ പരിസ്ഥിതിയുടെ ചിത്രം കഥയും പരിസ്ഥിതിയും എന്ന ഗ്രന്ഥത്തിൽ ജി. മധുസൂദനൻ ഇങ്ങനെ ചൂണ്ടിക്കാണിക്കുന്നുണ്ട്. 'അമ്പലമുറ്റത്ത് പടർന്നുപന്തലിച്ചു നില്ക്കുന്ന അരയാൽ വൃക്ഷങ്ങൾ, അമ്പലമുറ്റത്ത് അയവിറക്കിക്കൊണ്ട് നില്ക്കുന്ന പശുക്കൾ, തിരുമാന്ധാംകുന്ന് ക്ഷേത്രത്തിന്റെ വടക്കെ നടയ്ക്കരുകിലൂടെ ഒഴുകുന്ന പുഴ'. ഈ ഉദാഹരണത്തിൽ വൃക്ഷങ്ങളും പശുക്കളും പുഴയും ഉണ്ട്. എന്നാൽ ഈ വിവരണത്തിൽ മറഞ്ഞിരിക്കുന്നത് പരിസ്ഥിതി താല്പര്യമല്ല, ഗ്രാമത്തിലെ സവർണജീവിതത്തിന്റെ ചില ആവേശങ്ങളാണ്; അതു സംബന്ധമായ ചില

ഗൃഹാതുരതകളാണ്. സുഗതകുമാരി 'കാവുതീണ്ടല്ലേ' എന്ന് വിലക്കു മ്പോൾ ലക്ഷ്യംവെയ്ക്കുന്നത് ഏത് കാവിനെയാണ് എന്ന് അന്വേഷി ക്കേണ്ടതുണ്ട്. കാവിന്റെ പാരിസ്ഥിതികമായ പ്രാധാന്യം അംഗീകരിക്കു മ്പോൾ തന്നെ ആ കാവ് തറവാടിത്തത്തിന്റെ ഒരു ഭാഗംകൂടിയാണെന്ന് മനസ്സിലാക്കണം. എൻ.വി. കൃഷ്ണവാരിയരുടെ 'മരങ്ങളും വള്ളികളും' എന്ന കവിതയെ ഒരു പരിസ്ഥിതികവിതയെന്ന നിലയിൽ പി.പി. കെ. പൊതുവാൾ വിലയിരുത്തുന്നുണ്ട്. എന്നാൽ ആത്യന്തികമായി ഈ കവിതയിലും തറവാടിത്തം നഷ്ടപ്പെട്ടതിന്റെ ഖേദമാണ് നമുക്ക് കേൾക്കാൻ കഴിയുന്നത്. തറവാട്ടുപറമ്പിന്റെ ഇപ്പോഴത്തെ ഗതികേട് കവി ഇങ്ങനെയാണ് വരച്ചിടുന്നത് (2007: 43).

'ഉണ്ടിപ്പോൾ പാമ്പിൻകാവുനിന്നൊരാത്തൊടികളിൽ
മുപ്പതോ മുപ്പത്തഞ്ചോ ലക്ഷം വീടുകൾ, ഊഞ്ഞാൽ-
പ്പാട്ടല്ലങ്ങാക്രാന്ദനം ശാപവും പൊന്തിക്കേൾപ്പൂ
പരുഷം പരുക്കൻ കാറ്റിരമ്പും പുലരിയിൽ
... ... ...
മരപ്പട്ടികളല്ല മദ്യപന്മാരാണിപ്പോ
ളിരുളിൽ കെട്ടിപ്പിടിച്ചോടയിൽ പോയ് വീഴുന്നു'.

പാമ്പിൻകാവ് നിന്നിരുന്ന തൊടിയിൽ ഇപ്പോൾ നില്ക്കുന്നത് മുപ്പത്ത ഞ്ചോളം ലക്ഷംവീടുകളാണ്. പണ്ട് ഊഞ്ഞാൽപ്പാട്ട് ഉയർന്നു കേട്ടിട ത്ത് ഇന്ന് കേൾക്കുന്നത് ആ വീടുകളിലുള്ളവർ സൃഷ്ടിക്കുന്ന കോലാഹല ങ്ങളാണ്. പണ്ട് ഇരുട്ടിൽ കെട്ടിപ്പിടിച്ച് നടന്നിരുന്നത് മരപ്പട്ടികളാണ്. ഇന്നോ, മദ്യപന്മാരും. ഈ കവിതയിൽ എവിടെയാണ് പരിസ്ഥിതി ബോധമുള്ളത്? തറവാടിത്തം തകർന്നതിന്റെ ഖേദമല്ലാതെ മറ്റെന്താണ് ഈ കവിതയിലുള്ളത്? ലക്ഷംവീടുകളിൽ താമസിക്കുന്ന 'അപരി ഷ്കൃത'രോടുള്ള അസഹിഷ്ണുതയും ഈ കവിതയിൽ പ്രവർത്തിക്കുന്നു. തറവാടിത്തത്തിന്റെ സ്ഥാനത്ത് ദരിദ്രവാസികൾ വിഹരിക്കുന്നു— ഇതാണ് കവിയെ അസ്വസ്ഥനാക്കുന്നത്. ലക്ഷംവീട്ടുകാരെ അപരമായി കാണുന്ന വരേണ്യബോധത്തെയാണ് പാരിസ്ഥിതികാവബോധമായി നമ്മളിവിടെ ആദർശവത്കരിക്കുന്നത്. പരിസ്ഥിതിനിരൂപണം നിർ വ്വഹിച്ചുകൊണ്ടിരിക്കുന്ന അപഥസഞ്ചാരത്തിന്റെ ഏറ്റവും മികച്ച തെളി വാകുന്നുണ്ട് എൻ.വി.യുടെ കവിതയെ അധികരിച്ചുള്ള ഈ നിരൂപണ രചന. മലയാളത്തിലെ പരിസ്ഥിതിക്കവിതകൾ ഭൂരിഭാഗവും കേവലം ഫ്യൂഡൽ നൊസ്റ്റാൾജിയകൾ മാത്രമാണ്. അതിനെ ആദർശവത്ക രിക്കുന്ന പണിയാണ് പലപ്പോഴും പരിസ്ഥിതിനിരൂപണം ചെയ്തുകൊ ണ്ടിരിക്കുന്നത്.

പരിസ്ഥിതിസാഹിത്യത്തെയും പരിസ്ഥിതിനിരൂപണത്തെയും അടിസ്ഥാനമാക്കി ഇന്ന് കേരളത്തിൽ നിരവധി സെമിനാറുകൾ നടന്നു കൊണ്ടിരിക്കുന്നുണ്ട്. ഈ സെമിനാറുകളിലൂടെ ഉയർന്നുവരുന്ന ഒരു വാദം ഇതാണ്: 'പരിസ്ഥിതിനിരൂപണം ഒരു ഡിസ്കോഴ്സ് മാത്രമാണ്. പരിസ്ഥിതിസംരക്ഷണം അതിന്റെ പരിഗണനയിൽ വരുന്നില്ല'. തുറന്നുപറയുന്നില്ലെങ്കിലും പലരുടെയും പ്രവൃത്തികളിൽ ധ്വനിക്കുന്നതും ഈ ആശയംതന്നെയാണ്. അതായത്, പറയാനും പ്രസംഗിക്കാനും എഴുതാനും പറ്റിയ ഒരു വിഷയമാണ് പരിസ്ഥിതി. അതിനപ്പുറത്തുള്ള എന്തെങ്കിലും താത്പര്യം അതിൽ ആരോപിക്കേണ്ടതില്ല. മലയാളത്തിൽ ഇപ്പോൾ നടന്നുവരുന്ന ബഹുഭൂരിപക്ഷം പരിസ്ഥിതിചർച്ചകളും കേവലം ഡിസ്കോഴ്സ് മാത്രമാണ്. പലപ്പോഴും പരിസ്ഥിതിസാഹിത്യരചനകളുടെ സ്ഥിതിയും അതുതന്നെയാണ്. എഴുത്തുകാരന്റെ എഴുത്തും ജീവിതവും തമ്മിലുള്ള പൊരുത്തക്കേട് ഏറ്റവും പ്രകടമാവുന്ന ഒരു സന്ദർഭമാണ് അയാളുടെ പരിസ്ഥിതിസാഹിത്യകൃതികൾ. മലയാളത്തിൽ പരിസ്ഥിതിസാഹിത്യത്തിന്റെ വക്താക്കളായി എണ്ണപ്പെടുന്ന പലരും നഗരത്തിൽ സ്ഥിരജീവിതം നടത്തുന്നവരാണ്. ഗ്രാമത്തിൽ നിന്ന് നഗരങ്ങളിൽ കുടിയേറുകയും അവിടത്തെ എല്ലാവിധ സൗകര്യങ്ങളും അനുഭവിച്ച് ജീവിക്കുകയും ഗ്രാമത്തിലേക്കു തിരിച്ചുപോകാൻ അവസരമുണ്ടെങ്കിലും അതിന് താത്പര്യമില്ലാതിരിക്കുകയും ചെയ്യുന്ന ചിലർക്ക് ചില നേരങ്ങളിലുണ്ടാവുന്ന ഗൃഹാതുരതയാണ് അവരുടെ പരിസ്ഥിതിക്കവിതകൽ. ഒരു തുള്ളി വെള്ളംപോലും ഭൂമിയിലേക്കിറങ്ങാൻ അവസരം നല്കാത്തവിധം മുറ്റവും പറമ്പും കോൺക്രീറ്റ് കട്ടകൾ വിരിച്ച് അലങ്കരിച്ചതിനുശേഷം നാട്ടിലെ കുളവും കൈത്തോടും വറ്റിപ്പോവുന്നതിനെപ്പറ്റി പരിതപിക്കുന്നവരുടെ ലോകമാണിത്. അങ്ങനെയുള്ളവർ എഴുതിവിടുന്ന പരിസ്ഥിതിസാഹിത്യമാണ് വായനക്കാരന്റെ മുന്നിലെത്തുന്നത്. പരിസ്ഥിതിയെ നശിപ്പിക്കുന്ന ഒരു ദുഷ്ടശക്തിയുണ്ടെന്ന് സങ്കല്പിക്കുക, ആ ദുഷ്ടശക്തിയോട് എതിരിടുക– ഇതാണ് പരിസ്ഥിതിസാഹിത്യത്തിന്റെ ഒരു സ്ഥിരം ഫോർമുല. ആ നാശകശക്തി അധികാരവ്യവസ്ഥയോ ഗവൺമെന്റോ വൻവ്യവസായങ്ങളോ വികസനം എന്ന ആശയംതന്നെയോ ആവാം. ഇവയെല്ലാം തന്നിൽ നിന്നന്യനായ ഒരു പ്രതിയോഗി ആണെന്ന മട്ടിലാണ് എഴുത്തുകാരൻ എഴുതുക. ആ നാശകശക്തിയുടെ ഭാഗമാണ് താൻ എന്നോ താനുംകൂടി ചേർന്നാണ് ഈവിധം പരിസ്ഥിതിയെ നശിപ്പിക്കുന്നതെന്നോ അയാൾ ഒരിക്കലും സമ്മതിക്കുകയോ തിരിച്ചറിയുകയോ ചെയ്യുന്നില്ല. ഇതാണ് പരിസ്ഥിതിസാഹിത്യത്തിന്റെ ലോകത്തെ പ്രധാന

തട്ടിപ്പ്. അതുകൊണ്ടുതന്നെ പരിസ്ഥിതിസാഹിത്യമെന്ന ലേബലിൽ നാം കാണുകയും വായിക്കുകയും ചെയ്യുന്ന പല രചനകളും ആത്മാർത്ഥ തയുടെയോ സത്യസന്ധതയുടെയോ സ്പർശമില്ലാത്ത കേവലം കെട്ടുകാ ഴ്ചകൾ മാത്രമാണ്. വികസനത്തിന്റെ എല്ലാ ഗുണഫലങ്ങൾക്കും വേണ്ടി കൈനീട്ടുക, അതേസമയം പരിസ്ഥിതിനാശത്തെപ്പറ്റി വിലപിക്കുക— എഴുത്തുകാരന്റെ ഈ ഇരട്ടത്താപ്പ് പരിസ്ഥിതിസാഹിത്യത്തെയും പരി സ്ഥിതിനിരൂപണത്തെയും പൊതുജനങ്ങൾക്കു മുമ്പാകെ വൻതോതിൽ അപഹാസ്യമാക്കി മാറ്റുന്നുണ്ട്.

പരിസ്ഥിതിസാഹിത്യത്തിലേയ്ക്ക് എഴുത്തുകാരെ ആകർഷിക്കുന്ന ചില ഘടകങ്ങൾ സമീപകാലസാഹിത്യത്തിലുണ്ട്. ആധുനികാന ന്തര സാഹിത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളായി ഉയർന്നു വന്നത് സ്ത്രീവാദം, ദലിത്‌വാദം, പരിസ്ഥിതിവാദം എന്നീ മൂന്ന് വിഷ യങ്ങളാണ്. പാർശ്വവത്കരിക്കപ്പെട്ട ജീവിതങ്ങളും പ്രശ്നങ്ങളും ആധു നികാനന്തരതയുടെ കാലത്ത് സാഹിത്യത്തിന്റെ മുഖ്യ വിഷയങ്ങളായി സ്ഥാനം നേടുകയുണ്ടായി. ഈ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ തൊട്ടുനില്ക്കുന്ന സാഹിത്യരചനയ്ക്ക് വിമർശനപരിഗണനയും അക്കാ ദമിക് പരിഗണനയും അതിവേഗം ലഭ്യമാവുന്ന ഒരവസ്ഥ ഇന്നുണ്ട്. ഈ സാഹചര്യം മുതലെടുത്തുകൊണ്ട് ഒട്ടേറെ രചനകൾ എഴുതപ്പെട്ടു കൊണ്ടും ഇരിക്കുന്നു. ആ പരിഗണനയാണ് പരിസ്ഥിതിരചനകൾക്കും ലഭിച്ചുകൊണ്ടിരിക്കുന്നത്. പരിസ്ഥിതി സംവാദങ്ങളിലും സെമിനാറുക ളിലും പരാമർശിക്കപ്പെടണമെങ്കിൽ ഏതാനും പരിസ്ഥിതിരചനകൾ കൂടി എഴുതേണ്ടതുണ്ട് എന്ന അവസ്ഥ ഇന്നു മലയാളത്തിലുണ്ട്. മലയാള ത്തിലെ ഒട്ടേറെ പരിസ്ഥിതിരചനകൾ ഇപ്രകാരം ബോധപൂർവ്വം തയ്യാ റാക്കപ്പെടുന്ന തൽക്ഷണവിഭവങ്ങളാണ്. അത്തരം രചനകളെ മുൻനിർ ത്തിയാണ് പരിസ്ഥിതിനിരൂപണവും സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്.

പ്രകൃതിയുടെ ഭാഗമാണ് മനുഷ്യൻ എന്ന തിരിച്ചറിവ് ഇന്നത്തേക്കാ ളേറെ പ്രാചീനകാലത്താണ് സജീവമായിരുന്നത്. അന്നത്തെ ജീവിത സാഹചര്യത്തിൽ അതു തികച്ചും സ്വാഭാവികവുമാണ്. അതുകൊണ്ടുത ന്നെ പ്രാചീനമായ സാമൂഹിക-സാംസ്കാരിക വ്യവഹാരങ്ങളിലെല്ലാം ഈ പ്രകൃതിബോധം ധാരാളമായി പ്രത്യക്ഷപ്പെടുന്നുണ്ട്. വേദങ്ങൾ, ഉപനിഷത്തുക്കൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ, കാളിദാസകൃ തികൾ, നാടൻപാട്ടുകൾ തുടങ്ങിയ പ്രാചീനമായ സാംസ്കാരിക നീക്കി യിരുപ്പുകളിലെല്ലാം ഈ പാരസ്പര്യത്തിന്റെ അടയാളങ്ങൾ കാണാം. ലോകം ആധുനികതയിലേയ്ക്കും ആധുനികനാഗരികതയിലേയ്ക്കും

വഴിമാറിയതോടെയാണ് പ്രകൃതിയും മനുഷ്യനും വെവ്വേറെയാണെന്ന ധാരണ വികസിച്ചുവരുന്നത്. നാഗരികതയുടെയും യന്ത്രവത്കരണങ്ങളുടെയും വ്യവസായങ്ങളുടെയും മറ്റും ഫലമായി പ്രകൃതി വൻതോതിലുള്ള അതിക്രമങ്ങൾക്കും നാശത്തിനും വിധേയമാവുകയും അതിന്റെ പ്രത്യാഘാതങ്ങൾ മനുഷ്യനുതന്നെ ഭീഷണിയായി മാറുകയും ചെയ്തതോടെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തെപ്പറ്റി പുതിയ ചില ആലോചനകൾ ഉയർന്നുവരികയുണ്ടായി. തൊള്ളായിരത്തി അറുപതുകളിൽ പ്രസിദ്ധീകരിക്കപ്പെട്ട റേച്ചൽ കാഴ്സന്റെ സൈലന്റ് സ്പ്രിംഗ് എന്ന ഗ്രന്ഥവും അതിനെ അധികരിച്ചുള്ള സംവാദങ്ങളുമാണ് ലോകമെമ്പാടും പരിസ്ഥിതിസംബന്ധമായ ചില പുതിയ വ്യവഹാരങ്ങൾ രൂപപ്പെടുന്നതിനും സജീവമാകുന്നതിനും കാരണമായത്. അതാണ് പരിസ്ഥിതിരാഷ്ട്രീയമായും പരിസ്ഥിതിസൗന്ദര്യശാസ്ത്രമായും വികസിച്ചത്. തൊള്ളായിരത്തി എഴുപതുകളിലാണ് പരിസ്ഥിതിനിരൂപണം എന്നൊരു സംവർഗം സാഹിത്യനിരൂപണമേഖലയിൽ സ്ഥാനം നേടുന്നത്. പരിസ്ഥിതിനിരൂപണത്തിന് ചരിത്രപരമായ പശ്ചാത്തലവും താത്പര്യങ്ങളും ഉണ്ട് എന്നാണ് ഇതിനർത്ഥം. ഈ ചരിത്രസാഹചര്യത്തിൽനിന്നുകൊണ്ട് സാഹിത്യകൃതികളെ പരിശോധിക്കുമ്പോഴേ അത് പരിസ്ഥിതിനിരൂപണം ആവുകയുള്ളൂ. ഈ അടിസ്ഥാനയാഥാർത്ഥ്യം തന്നെ മനസ്സിലാക്കാതെ വേദങ്ങളിലും ഉപനിഷത്തുകളിലുമൊക്കെയുള്ള പ്രകൃതികല്പനങ്ങളെ എടുത്തുകാണിച്ച് പരിസ്ഥിതിനിരൂപണത്തിന്റെ ലേബലൊട്ടിക്കുകയാണ് ചിലർ ചെയ്യുന്നത്. പരിസ്ഥിതിരാഷ്ട്രീയത്തിന്റെ വിശകലനഭൂമികയിൽ വെച്ചുകൊണ്ടുവേണം സാഹിത്യത്തിലെ പരിസ്ഥിതിയെ പരിശോധിക്കാൻ. അങ്ങനെയല്ലാതെ ഏതെങ്കിലും ഒരു കൃതിയിലെ പ്രകൃതികല്പനകളുടെ കണക്കെടുപ്പ് നടത്തുന്നതല്ല പരിസ്ഥിതിനിരൂപണം. നിർഭാഗ്യവശാൽ മലയാളത്തിലെ പരിസ്ഥിതിനിരൂപണങ്ങൾ പലതും മേൽപ്പറഞ്ഞ കണക്കെടുപ്പ് നടത്തലാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്.

പരിസ്ഥിതിയോടുള്ള താത്പര്യത്തെക്കാൾ സാഹിത്യതാത്പര്യങ്ങളാണ് മലയാളത്തിലെ പല പരിസ്ഥിതിരചനകൾക്കും ഉള്ളത്. മനുഷ്യനും അവനുൾപ്പെടുന്ന പ്രകൃതിയും തമ്മിലുള്ള അകൃത്രിമമായ പാരസ്പര്യം ആവിഷ്കരിക്കുന്നതും പരിസ്ഥിതിരാഷ്ട്രീയത്തിന്റെ താത്പര്യങ്ങൾ ഉൾക്കൊള്ളുന്നതുമായ രചനകൾ മലയാളത്തിൽ വളരെ കുറഞ്ഞ അളവിലേ ഉണ്ടായിട്ടുള്ളൂ. (മറ്റുള്ളതൊക്കെ നിരൂപകർ പാടിപ്പൊലിപ്പിച്ച രചനകളാണ്). ബഷീറിന്റെ തേന്മാവ്, ഭൂമിയുടെ അവകാശികൾ, ഇടശ്ശേരിയുടെ കുറ്റിപ്പുറം പാലം തുടങ്ങിയ ചില

രചനകൾ. പൊൻകുന്നം വർക്കിയുടെ ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ എന്നീ കഥകളെ പരിസ്ഥിതിരചനകളായി വിലയിരുത്തിക്കാണാറുണ്ട്. എന്നാൽ, സഹജീവികളോട് സമ്പർക്ക ബലംകൊണ്ട് ഉണ്ടാവുന്ന അടുപ്പം മാത്രമാണ് ഇരുകഥകളിലെയും വിഷയം. നിരന്തരമായ സമ്പർക്കംവഴി ഏതു ജീവിയോടും മനുഷ്യന് ഇത്തരത്തിൽ അടുപ്പമുണ്ടാവാം. ജീവികളോടു മാത്രമല്ല സസ്യങ്ങളോടും വസ്തുക്കളോടുതന്നെയും ഇത്തരത്തിൽ അടുപ്പവും ആഭിമുഖ്യവും ബലപ്പെട്ടുവരാം. വളരെക്കാലം താമസിച്ച വീട്, വളരെക്കാലം ഉപയോഗിച്ച വാഹനം എന്നിവയോടുതന്നെ സവിശേഷമായ ഹൃദയബന്ധം മനുഷ്യർക്കുണ്ടാവാറുണ്ട്. ഇത്തരത്തിലുള്ള ആഭിമുഖ്യമാണ് ശബ്ദിക്കുന്ന കലപ്പയിലെ കർഷകന് തന്റെ കാളയോടുള്ളത്. ചന്തയിലെ മറ്റു കാളകളോട് ഔസേപ്പിന് ഈ സഹഭാവമില്ല. പാരിസ്ഥിതികാവബോധമല്ല മേൽപ്പറഞ്ഞ കഥകളിൽ കാളയോടും നായയോടുമുള്ള താല്പര്യത്തിന് ആധാരം. അതുകൊണ്ടുതന്നെ പരിസ്ഥിതിസാഹിത്യം എന്ന നിലയിൽ അവയെ ആദർശവത്കരിക്കേണ്ടതുമില്ല.

പരിസ്ഥിതിസാഹിത്യം എന്ന നിലയ്ക്കു വാഴ്ത്തപ്പെടുന്ന പല രചനകളും യഥാർത്ഥമായ പാരിസ്ഥിതികാവബോധത്തിന്റെ ഉല്പന്നങ്ങളല്ല എന്നാണ് മലയാളത്തിലെ പരിസ്ഥിതിരചനകളും പരിസ്ഥിതിനിരൂപണവും സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ വ്യക്തമാവുന്ന കാര്യം. ഒരു ഡിസ്കോഴ്സ് എന്ന നിലയ്ക്ക് മാത്രമാണ് അക്കാദമിക്-സാഹിത്യമേഖലകളിൽ അത് പ്രവർത്തിക്കുന്നത്. അതിനപ്പുറം ആത്മാർത്ഥമായ പരിസ്ഥിതിപ്രവർത്തനമെന്ന നിലയിലേയ്ക്ക് അത് വികസിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. പരിസ്ഥിതിസാഹിത്യം എന്ന് വിളിക്കാനാവാത്ത രചനകളെ വ്യാഖ്യാനിച്ച് പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ മേൽക്കൂരയ്ക്ക് കീഴിലെത്തിക്കുകയാണ് നിരൂപകർ പലപ്പോഴും ചെയ്യുന്നത്. മാത്രമല്ല, ഒരു കൃതിയിലെ പാരിസ്ഥിതികഘടകങ്ങളെ പട്ടികപ്പെടുത്തുക, അപൂർവ്വമായി അതിന്റെ പാരിസ്ഥിതികരാഷ്ട്രീയം വിശകലനം ചെയ്യുക—ഇങ്ങനെ രണ്ട് ഫോർമുലകളിൽ ഒതുങ്ങിനില്ക്കുകയാണ് പരിസ്ഥിതിനിരൂപണം. അങ്ങനെ ഒരേ അച്ചിൽ വാർക്കപ്പെട്ട സൃഷ്ടികളായി പരിസ്ഥിതിനിരൂപണങ്ങൾ മാറുന്നു. പുതുതായി ഒന്നും പറയാനില്ലാത്ത, ഒരു പുതിയ സംവാദവും ഉയർത്താനാവാത്ത ഒരു ഴാനർ ആയി പരിസ്ഥിതിനിരൂപണം സ്തംഭിച്ചുനില്ക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. മുമ്പ് പറഞ്ഞ കാര്യങ്ങൾ ഒരു പുതിയ കൃതിയെ അടിസ്ഥാനമാക്കി വീണ്ടും പറയുകയാണ് ഓരോ പുതിയ പരിസ്ഥിതിനിരൂപണവും ഇന്നു ചെയ്തുകൊണ്ടിരിക്കുന്നത്.

പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങളും പരിസ്ഥിതിയ്ക്കുവേണ്ടിയുള്ള പോരാട്ടങ്ങളും ധാരാളം ആവശ്യമുള്ള, ധാരാളമായി നടന്നുകൊണ്ടിരിക്കുന്ന ഒരു കാലമാണിത്. അത്തരം പ്രവർത്തനങ്ങൾക്കു പിന്തുണയും ഊർജ്ജവും നല്കാനുള്ള ചുമതല സാഹിത്യവും ഏറ്റെടുക്കുന്നുണ്ട്. ഇത്തരത്തിൽ മലയാളത്തിലുണ്ടായിട്ടുള്ള പരിസ്ഥിതിരചനകളെ ആ നിലയ്ക്ക് വിലമതിക്കുകയും വേണം. ഭൂമിയ്ക്ക് ഒരു ചരമഗീതം (ഒ.എൻ.വി.), കാടെവിടെ മക്കളേ (അയ്യപ്പപ്പണിക്കർ), കുഞ്ഞേ മുലപ്പാൽ കുടിക്കരുത് (കടമ്മനിട്ട), മരത്തിനു സ്തുതി (സുഗതകുമാരി) തുടങ്ങിയ കവിതകൾക്ക് സ്വീകാര്യത ലഭിക്കുന്നതും ആ നിലയ്ക്കാണ്. എന്നാൽ ഇത്തരം കവിതകൾക്ക് ലഭിക്കുന്ന സവിശേഷ പരിഗണന ആത്മാർത്ഥതയില്ലാത്ത പരിസ്ഥിതിരചനകളുടെ കുത്തൊഴുക്കിനുതന്നെ കാരണമാവുന്നുണ്ട്. അത്തരം രചനകൾ സാഹിത്യകൗതുകത്തിന്റെ അതിർത്തിയ്ക്കുള്ളിൽ ഒതുങ്ങിനില്ക്കുകയല്ലാതെ വിപുലമായ പരിസ്ഥിതിസംവാദങ്ങളുടെ ഭാഗമായി മാറുന്നില്ല എന്നതാണ് പ്രശ്നം. പരിസ്ഥിതിസാഹിത്യം ഒരു ആചാരമായി മാറുന്നു എന്നതാണ് അതിന്റെ ഫലം. ഇത്തരം കള്ളനാണയങ്ങളെയും പരിസ്ഥിതിസാഹിത്യം എന്ന നിലയിൽ വെളുപ്പിച്ചെടുക്കേണ്ടതുണ്ടോ എന്നത് പരിസ്ഥിതിനിരൂപണം മറുപടി പറയേണ്ട ഒരു ചോദ്യമാണ്. പരിസ്ഥിതി ഒരു പ്രശ്നമായി ഉന്നയിക്കപ്പെടാത്ത രചനകളെയും കഷ്ടപ്പെട്ട് വ്യാഖ്യാനിച്ച് പരിസ്ഥിതിസാഹിത്യത്തിന്റെ അരങ്ങിൽ കൊണ്ടുപോയി സ്ഥാപിക്കേണ്ടതുണ്ടോ എന്നതും പരിസ്ഥിതിനിരൂപണം നേരിടേണ്ട ഒരു ചോദ്യമാണ്.

## സഹായകഗ്രന്ഥങ്ങൾ

1. ആനന്ദ് കാവാലം, 2013, മലയാളകവിതയും പരിസ്ഥിതിയും, കറന്റ് ബുക്ക്സ്, തൃശ്ശൂർ.
2. ആന്ദ്രെ ഗോർസ്, 2013, ഇക്കോളജി രാഷ്ട്രീയംതന്നെ (വിവ.കെ. രാമചന്ദ്രൻ), കേരളീയം പുസ്തകശാല.
3. ഗണേശ് കെ.എൻ., 2014, പ്രകൃതിയും മനുഷ്യനും, കേരളശാസ്ത്രസാഹിത്യ പരിഷത്, തൃശ്ശൂർ.
4. പൊതുവാൾ, പി.പി.കെ., 2007, പരിസ്ഥിതിബോധവും സംസ്കാരവും, മാതൃഭൂമി ബുക്ക്സ്.
5. മധുസൂദനൻ ജി., 2000, കഥയും പരിസ്ഥിതിയും, കറന്റ് ബുക്ക്സ്, തൃശ്ശൂർ.
6. മധുസൂദനൻ ജി.(എഡി.), ഹരിതനിരൂപണം മലയാളത്തിൽ, കറന്റ് ബുക്ക്സ്, തൃശ്ശൂർ.
7. മിനി പ്രസാദ്, 2009, സ്ത്രീ, പരിസ്ഥിതി, ആത്മീയത; സി.എസ്.എസ്, തിരുവല്ല.